സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾക്കായുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചുവരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി 90 ദിവസമുള്ള ഓരോ സെമസ്റ്റർ അക്കാദമിക കലണ്ടറും സർവ്വകലാശാല പ്രസിദ്ധീകരിച്ച് കോളേജുകൾക്ക് നൽകാറുണ്ട്. അക്കാദമിക കലണ്ടറിൽ പ്രോഗ്രാമുകളുടെ ആരംഭം, അഡ്മിഷൻ പൂർത്തിയാക്കൽ, ഇന്റേണൽ പരീക്ഷകൾ, END സെമസ്റ്റർ പരീക്ഷകൾ എന്നിവയുടെ കൃത്യമായ ദിവസങ്ങൾ നിശ്ചയിച്ച് നൽകിവരുന്നു. ഇത് സർവ്വകലാശാലാ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. പരീക്ഷാ കലണ്ടർ വാർഷിക അടിസ്ഥാനത്തിലും അക്കാദമിക കലണ്ടർ അക്കാദമിക വർഷാടിസ്ഥാനത്തിലുമാണ് തയ്യാറാക്കുന്നത്. ഗവേഷണം സംബന്ധിച്ചുള്ള കാര്യങ്ങൾ യു.ജി.സി. റെഗുലേഷന് അനുയോജ്യമായ രീതിയിലാണ് സർവ്വകലാശാലകൾ തയ്യാറാക്കുന്നത്.

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുനഃസംഘടന**

99(2819) <u>ശ്രീ. ഇ. കെ. വിജയൻ</u>:
<u>ശ്രീ. വി. ശശി</u>:
<u>ശ്രീ. സി. സി. മുകുന്ദൻ</u>:
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുനഃസംഘടന ലക്ഷ്യമാക്കി ബ്ലെൻഡഡ് മോഡ് ഓഫ് ലേണിംഗ് & ടീച്ചിംഗ് എന്ന പേരിൽ യു.ജി.സി. ആശയക്കുറിപ്പ് പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ?

ബ്ലെൻഡഡ് മോഡ് ഓഫ് ലേണിംഗ് സംബന്ധിച്ച യു.ജി.സി. കരട് റിപ്പോർട്ടിന്മേലുള്ള നിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ യു.ജി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) യു.ജി.സി.-യുടെ പ്രസ്തുത നിർദ്ദേശം ഉന്നതവിദ്യാഭ്യാസത്തിന്റെ കച്ചവടവത്കരണത്തിന് ഇടയാക്കുമോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോവിഡ് കാലത്തെ പ്രതിസന്ധി അതിജീവിക്കുന്നതിന് താൽക്കാലിക ഉപാധിയെന്ന നിലയിൽ ആരംഭിച്ച ഓൺലൈൻ ക്ലാസ്സുകളെ അനൗപചാരിക വിദ്യാഭ്യാസത്തിന് പകരമായി സ്ഥാപനവത്ക്കരിക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

(സി&ഡി) സർക്കാർ നയത്തിന്റെ വീക്ഷണത്തിൽ പരിശോധന ആവശ്യമാണ്.

## നൂതന കോഴ്സുകളിൽ പരിശീലനം

100(2820) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന കോഴ്സുകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എഞ്ചിനീയറിംഗ് എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ;

&

(ബി) മാറുന്ന തൊഴിൽ സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രൊഫഷണൽ കോഴ്സുകൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

(സി) പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് അതത് മേഖലകളിലെയും ഇതര വൈജ്ഞാനിക മേഖലകളിലെയും ഏറ്റവും മികച്ച അറിവുകൾ സ്വായത്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഒരു പ്രത്യേക എഞ്ചിനീയറിംഗ് ശാഖയിലെ ആഴത്തിലുള്ള വിജ്ഞാനം ലക്ഷ്യമാക്കി ആരംഭിച്ച ബി.ടെക് ഓണേഴ്സ് ഡിഗ്രിക്കുള്ള വ്യവസ്ഥകൾ ഉദാരമാക്കി. നിലവിൽ എൻ.ബി.എ. അക്രഡിറ്റേഷനും പ്രസ്തുത ശാഖയിൽ എം.ടെക് കോഴ്സുമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾക്കാണ് ഓണേഴ്സ് ഡിഗ്രി ലഭിച്ചിരുന്നത്. ഈ വ്യവസ്ഥകൾ ഒഴിവാക്കി എല്ലാ കോളേജുകളിലെയും 8.5 ഗ്രേഡ് ലഭിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ ഓണേഴ്സ് ഡിഗ്രിക്കായി രജിസ്റ്റർ ചെയ്യാൻ അനുവദിക്കും. വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ഉന്നത പഠന ഗവേഷണ സാധ്യതകളും അഭിരുചികളും സൃഷ്ടിക്കുവാൻ കഴിയുന്ന വിധത്തിലാണ് ബി.ടെക് ഓണേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly